**3.11.2023**

# KGBEU OU ബുള്ളറ്റിൻ 143 /2023

സഖാക്കളെ,

## വിഷയം: PF withdrawal & Pension

PF ൽ നിന്നുമുള്ള withdrawal, സെപ്റ്റംബർ മാസത്തിനു ശേഷം EPFO താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ആയതിനാൽ റിട്ടയർ ചെയ്ത ജീവനക്കാർക്ക് PF ൽ നിലവിലുള്ള Employer contribution പെൻഷൻ ട്രസ്റ്റിൽ തിരിച്ചടക്കാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. അത് പെൻഷൻ ലഭിക്കാതിരിക്കാൻ കാരണമാകുന്നു. ജൂലൈ മാസം മുതൽ വിരമിച്ച ജീവനക്കാർ ഈ കാരണം കൊണ്ട് പെൻഷൻ ലഭിക്കാത്തവരിൽപ്പെടുന്നുണ്ട്. ചിലയാളുകൾ തങ്ങളുടെ കയ്യിൽ നിന്നും Employer contribution ബാലൻസിന് തത്തുല്യമായ തുക അടച്ച് പെൻഷൻ വാങ്ങുന്നുണ്ട്. എന്നാൽ തങ്ങളുടേതല്ലാത്ത കാരണത്താൽ PF withdrawal ലഭിക്കാത്തതിന്, റിട്ടയർ ചെയ്തവർക്ക് ഒരു കാരണവശാലും ബുദ്ധിമുട്ട് വരാൻ പാടുള്ളതല്ല. EPFO യിൽ നിന്നും ഇനി തുക തിരിച്ചു നൽകാൻ പോകുന്നത് ബാങ്കിനാണ് എന്നും ജീവനക്കാർക്കോ വിരമിച്ചവർക്കോ ഈ തുക നേരിട്ട് ലഭ്യമാകില്ല എന്നുമാണ് അറിയുന്നത്. ആയതിനാൽ Employer contribution തിരിച്ചടക്കാതെ തന്നെ റിട്ടയർ ചെയ്ത മുഴുവൻ ആളുകൾക്കും പെൻഷൻ ലഭ്യമാക്കാൻ നാം മാനേജ്മെന്റിനോട് ആവശ്യപ്പെടുകയും follow up ചെയ്തു വരികയുമാണ്. HR ജനറൽ മാനേജരുമായും ഈ വിഷയം സംസാരിച്ചിട്ടുണ്ട്. അനുകൂല തീരുമാനം ഉടൻ വരുമെന്ന് നാം പ്രതീക്ഷിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)